## കൊച്ചുസീത

വള്ളത്തോൾ



അമ്പോ മഹിമാവിതാർഷഭൂവേ തവ
വമ്പോർക്കളത്തിലും നിഷ്കാമകാഹളം
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തീ
വേശത്തെരുവിലും ചാരിത്രസൗരഭം

സീതയെപ്പോലെ പതിപ്രേമചാരിത്രം കാത്തു
സൂക്ഷിക്കണമെന്ന് ആശിച്ച ചമ്പകവല്ലി എന്ന
ദേവദാസിബാലികയുടെ കഥ പറയുന്ന കാവ്യം


കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡി സി ബുക്സ്

www.dcbooks.com

ISBN 978-81-264-6741-9

9 788126 467419 00002

കവിത

E-book available

₹ 40



8M1 VAL/K
CASMTVK
1275




# കൊച്ചുസീത

## വള്ളത്തോൾ

**വള്ളത്തോൾ നാരായണമേനോൻ**
(1878–1958)

1878 ഒക്ടോബർ 16-ന് ജനിച്ചു. ആധുനിക മലയാള കവിത്രയത്തിലെ ഒരാൾ. വിദ്യാഭ്യാസകാലത്തുതന്നെ പദ്യരചന ആരംഭിച്ചു. ഭാഷാപോഷിണിസഭ സംഘടിപ്പിച്ച മത്സരത്തിൽ കവിതയ്ക്ക് ഒന്നാം സ്ഥാനം നേടിയതോടെ കവി എന്ന നിലയിൽ അംഗീകാരം സിദ്ധിച്ചു. വാല്മീകി രാമായണവും അനേകം പുരാണങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ദേശീയബോധം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളോട് അടുപ്പിച്ചു. 1930-ൽ കുന്നംകുളത്ത് കഥകളി വിദ്യാലയം സ്ഥാപിച്ചു. അതാണ് കേരള കലാമണ്ഡലമായി വികസിച്ചത്. കലാമണ്ഡലത്തിന്റെ ധനശേഖരണത്തിനായി കഥകളിസംഘത്തോടൊപ്പം വിദേശരാജ്യങ്ങൾ സന്ദർശിച്ചു. പത്മഭൂഷൺ ഉൾപ്പെടെ ഒട്ടേറെ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. തൊണ്ണൂറോളം കൃതികൾ പ്രസിദ്ധപ്പെടുത്തി. *ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, ബധിരവിലാപം, ഗണപതി, ചിത്രയോഗം, സാഹിത്യമഞ്ജരി, മഗ്ദലനമറിയം, കൊച്ചുസീത, അച്ഛനും മകളും, ഋഗ്വേദം - വാല്മീകി രാമായണ തർജ്ജമകൾ* തുടങ്ങിയവയാണ് പ്രധാന കൃതികൾ. 1958 മാർച്ച് 13-ന് യശഃശരീരനായി.

**മഹാകവി വള്ളത്തോളിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

ശരണമയ്യപ്പാ
സാഹിത്യമഞ്ജരി I–IX
അച്ഛനും മകളും
സാഹിത്യമഞ്ജരി (സമ്പൂർണ്ണം)
മഗ്ദലനമറിയം
വള്ളത്തോൾ കവിതകൾ

**വള്ളത്തോൾ നാരായണമേനോൻ**

# കൊച്ചുസീത

വ്യാഖ്യാനം
**കുട്ടികൃഷ്ണമാരാർ**

പഠനം
**തായാട്ട് ശങ്കരൻ**

**ഡി സി ബുക്സ്**

MALAYALAM LANGUAGE
Kochuseetha

POETRY
*by* Vallathol Narayana Menon

Rights Reserved

First Published in 1927
First DCB edition July 2016
This edition – August 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
DC Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Narayana Menon, Vallathol.
Kochuseetha/ Vallathol Narayana Menon.
48p., 21 cm.
ISBN 978-81-264-6741-9.
1. Malayalam poem. I. Title.
8 M1* - dc 22.
*(This is local variation of DDC number for Malayalam literature: Kochuseetha.)

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-6741-9

Printed in India
at D C Press, Kottayam, INDIA.

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 40.00

426/16-17-Sl.No. 15678-dcb 6427-(2)1000-1494-08-16-Itc. 17.0-p as-r ds-d hm

## പരതന്ത്രമായ് സ്ത്രീത്വം : രണ്ടുമുഖം

മൂന്നു ഖണ്ഡങ്ങളിലായി 340 വരികൾ മാത്രമുള്ള ഒരു ലഘുകൃതിയാണ് കൊച്ചുസീത. അതിൽ കാര്യമായി രണ്ടു കഥാപാത്രങ്ങളേയുള്ളൂ; ബാലയായ ചമ്പകവല്ലിയും അവളുടെ മുത്തശ്ശിയും. മൂന്നാമതൊരു കഥാപാത്രം ഇല്ലാതില്ല. 'സംഭൃതോദ്ദീപ്ത സുഗന്ധി വേഷ'ക്കാരനായി ചമ്പകവല്ലിയെ പ്രാപിക്കാനെത്തുന്ന ഒരു ജാരൻകൂടി ഈ കഥയിലുണ്ട്. അയാളുടെ താംബൂലശോണിതമായ ചുണ്ടും പൊൻകസവിട്ടു മിന്നുന്ന അംഗവസ്ത്രവും പൊന്നിൽ കെട്ടിയ രുദ്രാക്ഷമാലയും വൈരക്കൽ കടുക്കനും പച്ചസുന്ദരന്റെ മറ്റു വേഷവിധാനവും കവി വിസ്തരിക്കുന്നുണ്ടെങ്കിലും അയാൾക്ക് ഇതിവൃത്തത്തിൽ നിമിത്തമാത്രമായ പ്രാധാന്യമേയുള്ളൂ. എന്നാൽ ചമ്പകവല്ലിയും മുത്തശ്ശിയും പരസ്പരസ്പർദ്ധികളായ രണ്ടാശയങ്ങളുടെ പ്രതിരൂപങ്ങളാണ്. ഉയിർത്തെഴുന്നേല്ക്കുന്ന സ്ത്രീത്വമാണ് ചമ്പകവല്ലി. പാരമ്പര്യത്തിന്റെ പ്രതിനിധിയാണ് മുത്തശ്ശി. എന്നാൽ കാലഘട്ടത്തിന്റെ സ്വാധീനം ഈ രണ്ടു കഥാപാത്രത്തിലും ആഴത്തിൽ പതിഞ്ഞിരിക്കുന്നു. പരതന്ത്രമായ സ്ത്രീത്വത്തിന്റെ രണ്ടു മുഖങ്ങളാണ് ചമ്പകവും മുത്തശ്ശിയും.

മുത്തശ്ശിയുടെ സ്വഭാവ ചിത്രീകരണത്തിൽ വള്ളത്തോളിനുണ്ടായ വിജയം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. കാവ്യപാരമ്പര്യമനുസരിച്ചു പറഞ്ഞാൽ, നീചകഥാപാത്രമാണ് ഇതിൽ മുത്തശ്ശി. ദേവദാസീവൃത്തിയെ ന്യായീകരിക്കുകയും തന്റെ പേരക്കിടാവിനെ അതിന്നായി നിർബന്ധിക്കുകയും ചെയ്യുന്ന ഒരു കഥാപാത്രത്തെ അങ്ങനെ മാത്രമേ വിശേഷിപ്പിക്കുവാൻ തോന്നുകയുള്ളൂ. എന്നാൽ ആ മുത്തശ്ശിയുടെ നേരേ അത്രമാത്രം വിദ്വേഷം വായനക്കാർക്കു തോന്നില്ല. തന്റെ നിലപാടിനെ ന്യായീകരിക്കുന്നതിന്, അവർ വേശ്യാധർമ്മത്തിന്റെ മഹത്ത്വത്തെ പ്രകീർത്തിക്കു